LIBRARY ARCHIVES Kerala Legislative Assembly

ആശുപത്രികളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് സർക്കാർ നേരിട്ട് ശമ്പളം നൽകാൻ നടപടി

147 [3542] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ജീവനക്കാർക്ക് മറ്റു ജീവനക്കാർക്ക് ശമ്പളം നൽകുന്ന രീതി അവലംബിച്ച് കൃത്യമായി ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ശമ്പളം നൽകുന്നത് അവസാനിപ്പിച്ച് ഇവരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് സർക്കാർ നേരിട്ട് ശമ്പളം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കൃത്യമായി ശമ്പളം ലഭിക്കാത്ത പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് മതിയായ തുക ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ആരോഗ്യവകുപ്പ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ശമ്പളം നല്കുന്നതിന് മുൻഗണന നല്കണമെന്ന് നിർദ്ദേശവും നലികിയിട്ടുണ്ട്.

(സി) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പഞ്ചായത്തിന് കൈമാറിയ ആരോഗ്യ സ്ഥാപനങ്ങളിലെ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പഞ്ചായത്ത് സ്ഥാപനം ശമ്പളം നൽകുന്ന നിലവിലുള്ള സംവിധാനം മാറ്റാനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

ഹെഡ് നേഴ്സായി റിട്ടയർ ചെയ്ത ശ്രീമതി ശോശാമ്മ മാത്യുവിന് ഫാമിലി ബെനിഫിറ്റ് സ്കീം അനുസരിച്ചുള്ള തുക നൽകുന്നതിലെ കാലതാമസം

148 [3543] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 നവംബർ മാസം ആലപ്പുഴ ജില്ലയിൽ, ചമ്പക്കുളം ഗവൺമെന്റ് ആശുപത്രിയിൽ നിന്നും ഹെഡ് നേഴ്സായി റിട്ടയർ ചെയ്ത തിരുവല്ല മുണ്ടിയപ്പള്ളി മുറിയിൽ ശ്രീമതി ശോശാമ്മ മാത്യുവിന് ഫാമിലി ബെനിഫിറ്റ് സ്കീം അനുസരിച്ചുള്ള തുക നൽകിയിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇത്രയും കാലതാമസം വരാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) ശ്രീമതി ശോശാമ്മ മാത്യുവിന് ഫാമിലി ബെനിഫിറ്റ് സ്കീം നൽകുന്നത് സംബന്ധിച്ച ഫയലിൽ അന്വേഷണം നടത്തി കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും പ്രസ്തുത കാലത്തെ നിയമാനുസൃത പലിശ ഈടാക്കി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്നവരുടെ ആനുകൂല്യങ്ങൾ എത്രയും വേഗത്തിൽ ലഭ്യമാക്കാൻ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) നൽകിയിട്ടില്ല.

(ബി & സി) ശ്രീമതി ശോശാമ്മ മാത്യു ശൂന്യവേതനാവധിയിലായിരുന്ന കാലഘട്ടത്തിലേയും, 21-6-1993 മുതൽ 19-6-1997 വരെ ജോലി ചെയ്ത കല്ലൂർപ്പാറ ഗവൺമെന്റ് ആശുപത്രിയിലേയും 19-6-1997 മുതൽ 4-8-2000 വരെ ജോലി ചെയ്ത കവിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയും ഫാമിലി ബെനിഫിറ്റ് സ്കീം വരിസംഖ്യ അടച്ച കണക്കുകൾ ഇനിയും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുകയും ലഭ്യമാകുന്ന മുറയ്ക്ക് എഫ്. ബി. എസ്. സംബന്ധിച്ച തുക ശ്രീമതി ശോശാമ്മ മാത്യുവിന് നൽകുന്നതിനും വേണ്ട അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

വൈദ്യുതി ഉപഭോക്താക്കളിൽനിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ്

149 [3546] കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ഉപഭോക്താക്കളിൽനിന്നും മൂന്ന് മാസത്തെ ഡിപ്പോസിറ്റ് തുക പിരിച്ചെടുക്കാനുള്ള നിർദ്ദേശം ബോർഡിന്റെയോ ഗവൺമെന്റിന്റേയോ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം സെക്യൂരിറ്റി ഡിപ്പോസിറ്റ് പിരിക്കുവാൻ നിർദ്ദേശിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly